● എറണാകുളം തിരുമല ദേവസ്വം ക്ഷേത്രത്തിൽ അനന്ത ചതുർദശി ദിനത്തിൽ ഭക്തർ സമർപ്പിച്ച ഫലമൂലാദികൾ.

കോതമംഗലം വിശുദ്ധ മാർ തോമ ചെറിയ പള്ളിയിൽ പരിശുദ്ധ യൽദോ മാർ ബസേലിയോസ് ബാവായുടെ ഓർമപ്പെരുന്നാൾ

കോതമംഗലം: വിശുദ്ധ മാർ തോമ ചെറിയ പള്ളിയിൽ പരിശുദ്ധ യൽദോ മാർ ബസേലിയോസ് ബാവായുടെ ഓർമപ്പെരുന്നാൾ 25 മുതൽ ഒക്ടോബർ 4 വരെ ആഘോഷിക്കുമെന്ന് വികാരി ഫാ.ജോസ് പരത്തുവയലിൽ, തണ്ടാണ് ട്രസ്റ്റിമാരായ ബേബി ആഞ്ഞിലിവേലിൽ, ഏലിയാസ് കീരംപ്ലാവിൽ,ട്രസ്റ്റിമാരായ ബിനോയ് മണ്ണഞ്ചേരി, സലിം ചെറിയാൻ, മാലിൽ, ഡോ.റോയി മാലിൽ, എബി ചേലാട്ട്, മർത്തമറിയം കത്തീഡ്രൽ വലിയ പള്ളി വികാരി ഫാ.നോബി വെട്ടിച്ചിറ,ട്രസ്റ്റിമാരായ ബാബു പി.കുര്യാക്കോസ് പിച്ചക്കര, എൽദോസ് കണ്ണാപറമ്പിൽ, കെ.കെ.ചാണ്ടി കറുകപ്പിള്ളിൽ എന്നിവർ അറിയിച്ചു.

ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവ,മലങ്കര മെത്രാപ്പോലീത്ത ഡോ.ജോസഫ് മാർ ഗ്രിഗോറിയോസ്, മെത്രാപ്പോലീത്തമാരായ ഏലിയാസ് മാർ യൂലിയോസ്, പൗലോസ് മാർ ഐറേനിയോസ്, മാത്യൂസ് മാർ തിമോത്തിയോസ്, മാത്യൂസ് മാർ അപ്രേം, മാത്യൂസ് മാർ അന്തിമോസ്, ഡോ.എബ്രഹാം മാർ സേവേറിയോസ്, ഏലിയാസ് മാർ അത്തനാസിയോസ്, മാത്യൂസ് മാർ ഈവാനിയോസ് എന്നിവർ വിവിധ ദിവസങ്ങളിലെ തിരുകർമങ്ങളിൽ മുഖ്യകാർമികരാകും.

യാക്കോബായ സഭയുടെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നുമുള്ള തീർഥാടക സംഘങ്ങൾ പെരുന്നാളിന് എത്തുന്നുവെന്നത് ഇത്തവണവരെത്തെ പ്രത്യേകതയാണ്.

25 ന് വൈകിട്ട് 5 ന് ചക്കാലക്കുടി ചാപ്പലിൽ നിന്നും പള്ളിയിലേക്ക് പ്രദക്ഷിണം,തുടർന്ന് വികാരി ഫാ.ജോസ് പരത്തുവയലിൽ കൊടിയേറ്റും.

കരിങ്ങാച്ചിറ പള്ളിയിൽ നിന്നും തയ്യാറാക്കി കൊണ്ടുവരുന്ന തമുക്ക് നേർച്ച വിതരണം, ശ്രീമ പ്രോട്ടോക്കോൾ ഉദ്ഘാടനം,6 ന് സന്ധ്യാനമസ്കാരം. 26,27,28 തീയതികളിൽ രാവിലെ 6.30 ന് പ്രഭാത നമസ്കാരം, 7.15 ന് വിശുദ്ധ അഞ്ചിന്മേൽ കുർബാന, പ്രദക്ഷിണം, സന്ധ്യാനമസ്കാരം.

29 ന് രാവിലെ 5.15 ന് പ്രഭാത നമസ്കാരം,6,7.15,8.45 വിശുദ്ധ കുർബാന.10.30 ന് സർവമത സമ്മേളനം, വൈകിട്ട് 6 ന് സന്ധ്യാനമസ്കാരം, വിശുദ്ധ കുർബാന. 30, ഒക്ടോബർ ഒന്ന് തീയതികളിൽ രാവിലെ 6.30ന് പ്രഭാത നമസ്കാരം,7.15 ന് വിശുദ്ധ അഞ്ചിന്മേൽ കുർബാന,6 ന് സന്ധ്യാനമസ്കാരം.

2 ന് രാവിലെ 6.45 ന് പ്രഭാത നമസ്കാരം, 7.30 ന് വിശുദ്ധ മൂന്നിന്മേൽ കുർബാന, 3ന് മേമ്പട്ടിൽ നിന്ന് പള്ളി ഉപകരണങ്ങൾ പള്ളിയകത്തേക്ക് കൊണ്ടുപോകുന്നു.

5 ന് വിവിധ മേഖലകളിൽ നിന്നുള്ള തീർഥാടക സംഘത്തിന് സ്വീകരണം, 6.30ന് സന്ധ്യാനമസ്കാരം,8 ന് പെരുന്നാൾ സന്ദേശം, 10ന് നഗരം ചുറ്റി പ്രദക്ഷിണം, ആശീർവാദം,ആകാശവിസ്മയം.3 ന് രാവിലെ 5.30 നും 6.45നും 8.30 നും വിശുദ്ധ കുർബാന, 10.30 ന് നേർച്ച സദ്യ, 2 ന് പ്രദക്ഷിണം,ആശീർവാദം, 5 ന് പള്ളി ഉപകരണങ്ങൾ തിരികെ മേമ്പട്ടിലേക്ക് കൊണ്ടുപോകുന്നു,6 ന് സന്ധ്യാനമസ്കാരം.

4 ന് രാവിലെ 7 ന് പ്രഭാത നമസ്കാരം,8 ന് വിശുദ്ധ മൂന്നിന്മേൽ കുർബാന,9 ന് പാച്ചോർ നേർച്ച,10.30 ന് ലേലം,4 ന് കൊടിയിറക്ക്,6.15 ന് സന്ധ്യാനമസ്കാരം.

അസീസിയൻ മിനി മാരത്തൺ പ്രോമോ റണ്ണും ജഴ്സി പ്രകാശനവും

കൊച്ചി: സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ അത്താണിയുടെ നേതൃത്വത്തിൽ കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡുമായി സഹകരിച്ചുകൊണ്ട് ലഹരിക്കെതിരെ നടത്തുന്ന അസീസിയൻ മിനി മാരത്തണിന്റെ ഭാഗമായി നാളെ രാവിലെ 7 ന് തെടുമ്പാശ്ശേരി സി.ഐ. സാബു ജി എം. പ്രോമോ റൺ ഫ്ളാഗ് ഓഫ് ചെയ്യും.

8 മണിക്ക് സിയാൽ സീനിയർ മാനേജർ സെക്യൂരിറ്റി ഹെഡ് വി.ജി. രവീന്ദ്രനാഥ് ജേഴ്സി പ്രകാശനവും നടത്തും. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും: 8848077381.

ബി.ജെ.പി ജില്ലാ നേതൃയോഗം ഇന്ന്

കൊച്ചി: ബി.ജെ.പി മെമ്പർഷിപ്പ് കാമ്പയിന്റെ ഭാഗമായി ഇന്ന് രാവിലെ 10.30ന് എറണാകുളം വൈ.എം.സി.എ. ഹാളിൽ നടക്കുന്ന ജില്ലാ നേതൃയോഗം കേന്ദ്ര അഭ്യന്തര വകുപ്പ് സഹമന്ത്രി ബണ്ടി സഞ്ജയ്കുമാർ ഉദ്ഘാടനം ചെയ്യുമെന്ന് ജില്ലാ പ്രസിഡണ്ട് അഡ്വ.കെ.എസ്. ഷൈജു അറിയിച്ചു.

● എൻ.സി.പി.എസ്. ബ്ളോക്ക് പ്രസിഡന്റുമാരുടെ സംസ്ഥാന സമ്മേളനം കലൂർ റിന്യൂവൽ സെന്ററിൽ നടന്നപ്പോൾ.

എൻ.സി.പി.എസ്. ബ്ളോക്ക് പ്രസിഡന്റ് സംസ്ഥാന സമ്മേളനം

കൊച്ചി: എൻ.സി.പി.എസ്. ബ്ലോക്ക് പ്രസിഡന്റുമാരുടെ സംസ്ഥാന സമ്മേളനം ദേശീയ വർക്കിങ് പ്രസിഡന്റ് പി.സി. ചാക്കോ ഉദ്ഘാടനം ചെയ്തു.

കലൂർ റിന്യൂവൽ സെന്ററിൽ വച്ച് ചേർന്ന ബ്ലോക്ക് പ്രസിഡന്റുമാരുടെ സംസ്ഥാന സമ്മേളനത്തിൽ 124 ബ്ലോക്കിലെ പ്രസിഡന്റുമാരാണ് പങ്കെടുത്തത്. പാർട്ടി സംസ്ഥാന പ്രസിഡന്റ് പി.സി. ചാക്കോ പതാക ഉയർത്തി. കേരളത്തിന്റെ ചുമതലയുള്ള ദേശീയ ജനറൽ സെക്രട്ടറി മുഹമ്മദ് ഫൈസൽ മുഖ്യ പ്രഭാഷണം നടത്തി.

ദേശീയ വർക്കിങ് കമ്മറ്റി അംഗം ടി പി പീതാമ്പരൻ മാസ്റ്റർ , വർക്കിങ് കമ്മറ്റി അംഗവും മന്ത്രിയുമായ എ കെ ശശീന്ദ്രൻ, പാർലമെന്ററി പാർട്ടി ലീഡറും എം. എൽ. എ യുമായ തോമസ് കെ. തോമസ് തുടങ്ങിയ നേതാക്കൾ യോഗത്തിൽ പ്രസംഗിച്ചു.

വരാനിരിക്കുന്ന ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി ബ്ലോക്ക് കമ്മറ്റികൾ നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ചും, അടുത്ത 6 മാസത്തെ പ്രവർത്തന പരിപാടികളെക്കുറിച്ചും സമ്മേളനത്തിൽ വിശദീകരിച്ചു.

● ജില്ലയിലെ ആരോഗ്യ മേഖലയിൽ

9.18 കോടിയുടെ 15 വികസന പദ്ധതികൾ യാഥാർഥ്യത്തിലേക്ക്

● മന്ത്രി വീണാ ജോർജ് ഇന്ന് ഉദ്ഘാടനം നിർവഹിക്കും

കൊച്ചി: സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ ആരോഗ്യ മേഖലയിൽ 15 പദ്ധതികളുടെ ഉദ്ഘാടനം ഇന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. വൈപ്പിൻ, പറവൂർ, ആലുവ, പെരുമ്പാവൂർ, കുന്നത്തുനാട്, പിറവം നിയോജക മണ്ഡലങ്ങളിലെ വിവിധ ആരോഗ്യ സ്ഥാപനങ്ങളിലായി 9.18 കോടി രൂപയുടെ വികസന പദ്ധതികളാണ് മന്ത്രി ഉദ്ഘാടനം ചെയ്യുക. അതത് മണ്ഡലങ്ങളിലെ എംഎൽഎമാർ ചടങ്ങിൽ അധ്യക്ഷത വഹിക്കും.

രാവിലെ 9.30ന് മാലിപ്പുറത്ത് വൈപ്പിൻ മണ്ഡലത്തിലെ നാലു പദ്ധതികൾ ഉദ്ഘാടനം ചെയ്യും. മാലിപ്പുറം, ജനകീയാരോഗ്യ കേന്ദ്രത്തിനായി നിർമിച്ച പുതിയ കെട്ടിടമാണ് ഉദ്ഘാടനം ചെയ്യുന്നത്. മുനമ്പം കുടുംബാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കൽ, നായരമ്പലം കുടുംബാരോഗ്യ കേന്ദ്രത്തിൽ പ്രളയ പുനഃനിർമാണ പ്രവർത്തനങ്ങൾ, പുതുവൈപ്പ് പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തൽ എന്നീ പദ്ധതികൾ ഓൺലൈനായും ഉദ്ഘാടനം ചെയ്യും. വൈപ്പിൻ മണ്ഡലത്തിൽ 1.71 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് മന്ത്രി ഉദ്ഘാടനം നിർവഹിക്കുന്നത്.

പറവൂർ നിയോജക മണ്ഡലത്തിലെ 74 ലക്ഷം രൂപയുടെ രണ്ട് പദ്ധതികളാണ് ഉദ്ഘാടനം ചെയ്യുന്നത്. വരാപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തെ നവീകരിച്ച് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടനം. മന്ത്രി നിർവഹിക്കും. ഇവിടെ നിന്ന് എഴിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടനം ഓൺലൈനായും നിർവഹിക്കും. ആലുവ നിയോജക മണ്ഡലത്തിൽ ആലുവ ജില്ലാ ആശുപത്രിയിൽ ലക്ഷ്യ സ്റ്റാറ്റാഡേർഡ് ഡ്സിൽ 2.15 കോടി ചെലവിൽ നിർമിച്ച ലേബർ റൂമിന്റേയും എമർജൻസി ഓപ്പറേഷൻ തീയേറ്ററിന്റേയും ഉദ്ഘാടനം മന്ത്രി നിർവഹിക്കും. ഇവിടെ നിന്നും ഓൺലൈനായി തെടുമ്പാശേരി മള്ളുശേരിയിൽ നിർമിച്ച ജനകീയാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടവും ഉദ്ഘാടനം ചെയ്യും.

ആലുവയിൽ 2.71 കോടി രൂപയുടെ പ്രവൃത്തികളാണ് പൂർത്തിയാക്കിയത്. വേങ്ങൂർ സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെയും അശമന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെയും ഉദ്ഘാടനമാണ് പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ വേങ്ങൂരിൽ നടക്കുക. 53 ലക്ഷത്തിന്റെ വികസന പദ്ധതികളാണ് പെരുമ്പാവൂരിൽ ഉദ്ഘാടനം ചെയ്യുന്നത്.

കുന്നത്തുനാട് നിയോജക മണ്ഡലത്തിൽ 77 ലക്ഷം രൂപ ചെലവഴിച്ച മൂന്ന് വികസന പദ്ധതികൾ ഉദ്ഘാടനം ചെയ്യും. മലയിടംതുരുത്ത് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടനം മന്ത്രി നിർവഹിക്കും. ഇവിടെ നിന്നും വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടനം ഓൺലൈൻനായി നിർവഹിക്കും. തവികരിച്ച വാഴക്കുളം ജനകീയാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനവും നിർവഹിക്കും.

പിറവം നിയോജക മണ്ഡലത്തിൽ രണ്ട് വികസന പദ്ധതികളാണ് ഉദ്ഘാടനം ചെയ്യപ്പെടുന്നത്. പിറവം താലൂക്ക് ആശുപത്രിയിൽ 2.35 കോടി രൂപ ചെലവഴിച്ച് നിർമിച്ച ഒപി ബ്ലോക്ക്, കൂത്താട്ടുകുളം സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ ഉദ്ഘാടനം. എന്നിവ ഓൺലൈനായി നടത്തും.

മുല്ലപെരിയാർ ഡാം: കേന്ദ്ര സർക്കാർ ഇടപെടണമെന്ന് പ്രൊ ലൈഫ് അപ്പോസ്തലേറ്റ്

കൊച്ചി: ആർ ജില്ലയിലെ ഒരു കോടിയിൽ അധികം മനുഷ്യജീവിതങ്ങളുടെയും ജീവജാലങ്ങളുടെയും ജീവന്റെ സുരക്ഷയെ ബാധിക്കുന്ന മുല്ലപെരിയാർ ഡാം വിഷയത്തിൽ കേന്ദ്രസർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് സീറോ മലബാർ സഭ പ്രൊ ലൈഫ് അപ്പോസ്തലേറ്റ്.

മുല്ലപെരിയാർ ഡാം നിർമ്മിച്ചതിന്റെ 129 വർഷങ്ങൾ പിന്നിടുമ്പോൾ പൊതുജനങ്ങളുടെ ആശങ്ക സർക്കാർ മനസ്സിലാക്കണം. കേരള, തമിഴ്നാട് സർക്കാരുകളുമായി സമവായ ചർച്ചകൾക്ക് പ്രധാനമന്ത്രി നേതൃത്വം നൽകണമെന്നും, കേന്ദ്രസർക്കാരിന്റെ ഇടപെടലുകൾക്കായി കേരളത്തിൽ നിന്നുള്ള കേന്ദ്ര മന്ത്രിമാരും മുഴുവൻ പാർലമെന്റ് അംഗങ്ങളും ആത്മാർത്ഥമായി പരിശ്രമിക്കണമെന്നും എക്സിക്യൂട്ടീവ് സെക്രട്ടറി സാബു ജോസ് ആവശ്യപ്പെട്ടു.

കേരളത്തിലെ ജനങ്ങളുടെ സുരക്ഷയും തമിഴ്നാട് ജനതയ്ക്ക് വെള്ളവും എന്ന ലക്ഷ്യത്തോടെ ശാശ്വത പരിഹാരം കണ്ടെത്തുവാനുള്ള എല്ലാ പരിശ്രമങ്ങൾക്കും പ്രൊ ലൈഫ് അപ്പോസ്തലേറ്റ് പിന്തുണ നൽകുമെന്നും അദ്ദേഹം പറഞ്ഞു.

കുസാറ്റ്: ഇന്തോ-ജർമ്മൻ സയൻസ് ആൻഡ് ടെക്നോളജി സെന്റർ (ഐ.ജി.എസ്.ടി.സി) ത്രിദിന ശിൽപശാല

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മറൈൻ സയൻസസിലെ സെന്റർ ഓഫ് എക്സലൻസ് ഫോർ അക്വാറ്റിക് വാക്സിൻ ഡെവലപ്മെന്റും ജർമ്മനിയിലെ ഹാനോവർ വെറ്ററിനറി മെഡിസിൻ സർവകലാശാലയുമായി സഹകരിച്ച് അക്വാകൾച്ചറിനുള്ള വാക്സിൻ വികസനത്തിലെ വെല്ലുവിളികളും അവസരങ്ങളും (ഐ.എം.എ.ക്യൂ.യു.എ.വി.എ.സി) എന്ന വിഷയത്തിൽ നവംബർ 27 മുതൽ 29 വരെ അന്താരാഷ്ട്ര ശിൽപശാല സംഘടിപ്പിക്കും.

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പും ജർമ്മനിയുടെ ഫെഡറൽ മിനിസ്ട്രി ഓഫ് എജ്യുക്കേഷൻ ആന്റ് റിസർച്ചും (ബി.എം.ബി.എഫ്) സംയുക്തമായി നടത്തുന്ന പരിപാടി എറണാകുളം എം.ജി റോഡിലെ ഗ്രാൻഡ് ഹോട്ടലിൽ നടക്കും.

ജല ജീവികളുടെ ആരോഗ്യം മെച്ചപ്പെടുത്തുവാൻ വേണ്ടി മത്സ്യങ്ങൾക്കുള്ള വാക്സിനുകൾ സൃഷ്ടിക്കുക, വിലയിരുത്തുക, പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേന്ദ്രമാണ് സെന്റർ ഓഫ് എക്സലൻസ് ഫോർ അക്വാറ്റിക് വാക്സിൻ ഡെവലപ്മെന്റ്.

അക്വാകൾച്ചറിൽ നേരിടുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിലും, രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നൂതനമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിലും ഈ കേന്ദ്രം പങ്ക് വഹിക്കുന്നുണ്ട്.

വാക്സിൻ ഗവേഷണത്തിലും വികസനത്തിലും ലോകത്തെ മുൻനിര ശാസ്ത്രജ്ഞർ, പ്രൊഫസർമാർ, വ്യവസായികൾ എന്നിവരുമായി അന്താരാഷ്ട്ര, ദേശീയ ശൃംഖല കെട്ടിപ്പടുക്കുക, വാക്സിൻ ഗവേഷണത്തിലെ അത്യാധുനിക ഗവേഷണവും നവീകരണവും തുറന്നുകാട്ടുക, യുകെ, ജർമ്മനി, നോർവേ, തായ്‌ലൻഡ്, മലേഷ്യ, ദക്ഷിണാഫ്രിക്ക, തായ്‌വാൻ തുടങ്ങിയ രാജ്യങ്ങളുമായി ലബോറട്ടറി എക്സ്ചേഞ്ചും സാൻഡ്വിച്ച് പിഎച്ച്ഡി പ്രോഗ്രാമുകളും സുഗമമാക്കുക എന്നിവയാണ് ഈ ശിൽപശാല ലക്ഷ്യമിടുന്നത്.

ശിൽപശാലയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ അബ്സ്ട്രാക്ട് ഇന്നു വരെ സമർപ്പിക്കാം.

എൻ.സി.സി. വാർഷിക ക്യാമ്പിന് തുടക്കമായി

പിറവം: എൻ.സി.സി. എറണാകുളം ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പിറവം എം.കെ.എം. ഹയർ സെക്കന്ററി സ്കൂളിൽ വാർഷിക ട്രെയിനിങ് ക്യാമ്പിന് തുടക്കമായി.

3 കേരള എയർ സ്കാഡ്രൺ കൊച്ചി, 1 കേരള എയർ സ്കാഡ്രൺ തിരുവനന്തപുരം, അശ്വാരൂഢ എൻ.സി.സി. യൂണിറ്റ് തൃശ്ശൂർ എന്നിവിടങ്ങളിൽ നിന്നായി 600 ഓളം കേഡറ്റുകൾ കമാണ്ടന്റ് കേണൽ സുനിൽ നായരുടെ നേതൃത്വത്തിലുള്ള ക്യാമ്പിൽ പങ്കെടുക്കുന്നു. പരേഡ്, ആയുധ പരിശീലനം, ഫ്ളയിങ് പരിശീലനം, ഫയറിങ്, എയ്റോ മോഡലിങ്, സ്കീഡ് ഷൂട്ടിങ് എന്നിവ ഉൾപ്പെട്ടതാണ് ക്യാമ്പ്. ബംഗളൂരുവിൽ നടക്കുന്ന വായു സൈനിക് ക്യാമ്പിന്റെ പരിശീലനവും ഇവിടെ നടക്കുന്നു.

എല്ലാ ദിവസവും കേഡറ്റുകളുടെ കൾച്ചറൽ പ്രോഗ്രാമുകളും പരിശീലനത്തിന്റെ ഭാഗമായിട്ടുണ്ട്. 10 ദിവസത്തെ ക്യാമ്പ് 22 ന് സമാപിക്കും.

● എൻ.സി.സി. എറണാകുളം ഗ്രൂപ്പിന്റെ നേതൃത്വത്തിൽ പിറവത്ത് നടക്കുന്ന വാർഷിക ക്യാമ്പിൽ പങ്കെടുക്കുന്ന കേഡറ്റുകൾ പരിശീലനത്തിൽ.

പ്രാദേശിക ലേഖകനെ ആവശ്യമുണ്ട്

കാക്കനാട് കേന്ദ്രീകരിച്ച് മംഗളം ദിനപത്രത്തിനുവേണ്ടി വാർത്തകളും പരസ്യങ്ങളും ശേഖരിക്കുവാൻ ഉർജ്ജസ്വലരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

മുൻപരിചയമുള്ളവർക്ക് മുൻഗണന

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക

+91 94473 26491

mangalamekm@gmail.com

എടത്തല എൻ.എ.ഡി. കവല ബസ് കാത്തിരിപ്പ് കേന്ദ്രത്തിന്റെ നിർമ്മാണം ത്വരിതപ്പെടുത്തണമെന്ന് മനുഷ്യാവകാശ കമ്മിഷൻ

കൊച്ചി: എടത്തല എൻ.എ.ഡി കവല ബസ് സ്റ്റോപ്പ് നിർമ്മാണം ത്വരിതപ്പെടുത്താൻ മനുഷ്യാവകാശ കമ്മിഷൻ ഇടപെടുന്നു.ബസ് കാത്തിരിപ്പുകേന്ദ്രം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 2023 നവംബറിൽ എൻ.എ.ഡി അധികൃതർ നൽകിയ കത്തിന് മറുപടി നൽകിയശേഷം അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്ന് കമ്മിഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ് എടത്തല ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.എൻ.എ.ഡി യുടെ അനുമതി ലഭിക്കാത്തതിനാൽ നിർമ്മാണം വൈകുന്നുവെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് കമ്മീഷൻ ഇടപെട്ടത്.16 വർഷം പഴക്കമുള്ള ബസ് കാത്തിരിപ്പുകേന്ദ്രം പൊളിച്ചുമാറ്റാൻ പഞ്ചായത്ത് ഭരണസമിതി 2023 ഫെബ്രുവരി 10 ന് തീരുമാനമെടുത്തെങ്കിലും എൻ.എ.ഡി യുടെ സുരക്ഷാ മേഖലയായതിനാൽ അവരുടെ അനുമതി ആവശ്യമാണെന്ന് എടത്തല പഞ്ചായത്ത് സെക്രട്ടറി കമ്മീഷനെ അറിയിച്ചു.ഇതു സംബന്ധിച്ച് എൻ.എ.ഡി ക്ക് നിരവധി കത്തുകൾ നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു.എന്നാൽ എൻ.എ.ഡി അധികൃതർ ചില കാര്യങ്ങളിൽ വ്യക്തത ആവശ്യപ്പെട്ട് 2023 നവംബർ 23 ന് കത്തയച്ചെങ്കിലും പഞ്ചായത്ത് സെക്രട്ടറി ഇതുവരെയും മറുപടി നൽകിയിട്ടില്ലെന്ന് പരാതിക്കാരനായ സി.ജി. പ്രസന്നകുമാർ കമ്മീഷനെ അറിയിച്ചു. ഇതിനാലാണ് എൻ. ഒ സി നൽകാൻ വൈകുന്നതെന്നും പരാതിക്കാരൻ അറിയിച്ചു. ഈ സാഹചര്യത്തിലാണ് തുടർ നടപടികൾക്ക് കമ്മീഷൻ നിർദ്ദേശം നൽകിയത്.

TATA

ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്

രജിസ്റ്റേഡ് ഓഫീസ്: 11ാം നില, ടവർ എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപതിറാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ - 400013. ഫോൺ നിലയം: ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ബ്ലോക്ക് നമ്പർ 2, എൻട്രൻസ് 17, സൗത്ത് മാളിനു സമീപം, കൊച്ചി 682024, കേരള.

സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്

സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 8(1) നോപ്പം റൂൾ 8(6) പ്രകാരം.

സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 8(1) നോപ്പം റൂൾ 8(6) വായിക്കുന്നതിനു സ്ഥാവര ആസ്തിയ്ക്കു വേണ്ടി ഉള്ള ഇ-ലേലം വിജ്ഞാപനം.

ഈ നോട്ടീസ് പ്രകാരം പൊതുജനം പൊതുജനങ്ങൾക്കും, പ്രമുഖപ്പെട്ട താഴെപ്പറയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരന്മാർക്കും, അറിയിക്കുന്നത് അവരുടെ വിശ്വാസവായ്പ ആസ്തികൾ/പ്രതിഭൂതികൾ (വായ്പക്കാർ) ഒരു അറിയിക്കുന്നത് താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്ത് ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിന്റെ (സിഎച്ചഎഫ്എൽ), അംഗീകൃത ഓഫീസർ മൈക്കൽരാജ് മൈക്കേൾ, 'എറിൽട്ടുവിയാ' അവിടെ, എന്നെന്നേയ്ക്കായോ അല്ലെങ്കിൽ എന്നാണോ അതുപോലെ എന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന വായ്പക്കാരിൽ നിന്നും, സഹവായ്പക്കാരിൽ നിന്നുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് വിനിമയപ്പെടുത്തൽ വിലയിൽ 07-10-2024 ന് വിൽക്കുന്നതായിരിക്കും, കൂടുതൽ തുകയും, നിയന്ത്രണവും, പുറമെ പറഞ്ഞിരിക്കുന്നു. വിശദാംശം നിർദ്ദിഷ്ടക്കുകയോ / നിർത്തലാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ, പ്രസ്തുത സ്വകാര്യ ആസ്തി/വസ്തു 07-10-2024 ന് ഉച്ചയ്ക്ക് 2.00 മണിക്ക് ഇലേലം വഴി വിൽക്കുന്നതായിരിക്കും. ഇലേലത്തിൽ പങ്കെടുക്കുന്നതിനുള്ള നിബന്ധനകൾ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങിയ സീൽ ചെയ്ത കവർ സിഎച്ചഎഫ്എൽ ന്റെ അംഗീകൃത ഓഫീസർക്ക് 05-10-2024 ന് വൈകുന്നേരം 5.00 മണി വരെയോ അതിനു മുമ്പോ ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ബ്ലോക്ക് നമ്പർ 2സി-2, സൗത്ത് മാളിനു സമീപം, ഇടപ്പള്ളി, കൊച്ചി 682024, കേരള, എന്ന മേൽവിലാസത്തിൽ സമർപ്പിക്കേണ്ടതാണ്, സുരക്ഷിതവസ്തുവിന്റെ/സ്ഥാവരവസ്തുവിന്റെ വിശദമായ ഏതിനെങ്കിലോ അല്ലെ എന്ന വ്യവസ്ഥയനുസരിച്ച് താഴെപ്പറയുന്ന സംക്ഷിപ്ത വിവരപ്രകാരം ആയിരിക്കും.

ക്രമ നം.	ലോൺ അക്കൗണ്ട് നമ്പർ	മാലിന്യക്കാരന്റെ/സഹവായ്പക്കാരന്റെ/പ്രതിഭൂതിയുടെ പേര്	ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക	കരുതൽ തുക	നിരക്കുതുക	ഏറ്റുറപ്പെടുത്ത തുക
1.	TCHHL04700 00100072005	ശ്രീപ്രദീപ് കുമാർ ടി.വി, ശ്രീമതി വിദ്യ പ്രദീപ് കുമാർ, എം./എസ്. എ വി ടേക്ക്ഓഫ്	രൂപ. 1,03,63,125/-(രൂപ ഒരു കോടി മൂന്നുലക്ഷത്തി അറുപത്തിമൂവായിരത്തി നൂറ്റിഇരുപത്തിഅഞ്ചു മാത്രം.) 28-04-2022	രൂപ. 85,00,000/- (രൂപ എൺപതു ലക്ഷം മാത്രം.)	രൂപ. 8,50,000/- (എട്ടുലക്ഷത്തി അൻപതിനായിരം. മാത്രം.)	മൗനിക.

സ്ഥാവര സ്വത്തിന്റെ വിവരണം: ക്രമനമ്പർ 1, ജില്ല: എറണാകുളം, , ഉപജില്ല: തൃക്കാക്കര, താലൂക്ക്: കൊച്ചി, വില്ലേജ